പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 243 5-03-2012 - ൽ മറുപടിയ്ക്ക്

**അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള പ്രോജക്ട്**

ചോദ്യം ഉത്തരം

| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും<br>വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ടനിർമ്മാണപ്രവർത്തനങ്ങൾക്കുള്ള പ്രോജക്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഇതിന്റെ നിർമ്മാണത്തിന് സംസ്ഥാനസർക്കാരും കേന്ദ്ര സർക്കാരും എത്ര രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) | അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ടനിർമ്മാണപ്രവർത്തനങ്ങൾക്ക് 5031 ലക്ഷം രൂപയുടെ അംഗീകാരത്തിനായി പ്രോജക്ട് റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിന് ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. മൊത്തം തുകയുടെ 75% കേന്ദ്രസർക്കാർ വിഹിതവും, 25% സംസ്ഥാന സർക്കാർ വിഹിതവുമായി പദ്ധതി നിർമ്മിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. |
| (ബി) | അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ടനിർമ്മാണത്തിന് എത്ര രൂപയുടെ പ്രോജക്ടാണ് കേന്ദ്രസർക്കാരിന് നൽകിയിട്ടുള്ളത്; രണ്ടാം ഘട്ട നിർമ്മാണ പ്രവർത്ത നങ്ങൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) | അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ടനിർമ്മാണത്തിന് 5031 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ടാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിരിക്കുന്നത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റേതുൾപ്പെടെ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചശേഷം മാത്രമേ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയൂ. |
| (സി) | അർത്തുങ്കൽ ഫിഷിംഗ് ഹാർബർ പൂർത്തീകരിക്കപ്പെട്ടാൽ തീരദേശമത്സ്യ മേഖലയ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കുമോ ; | (സി) | അർത്തുങ്കൽ ഫിഷിംഗ് ഹാർബർ പൂർത്തീകരിക്കപ്പെട്ടാൽ വർഷംതോറും ഏകദേശം 3654 ലക്ഷം രൂപയുടെ 9900 ടൺ മത്സ്യബന്ധനം നടത്തുവാൻ കഴിയും. കൂടാതെ നിർമ്മാണ സമയത്തും ഹാർബർ പ്രവർത്തനത്തോടനുബന്ധിച്ചും ധാരാളം തൊഴിലവസരങ്ങൾ ലഭ്യമാകുന്നതുമാണ്. |

| | | | |
|---|---|---|---|
| (ഡി) | എത്ര മത്സ്യബന്ധനയാനങ്ങൾക്ക് സൗകര്യമുണ്ടാകുംവിധമാണ് പ്രസ്തുത പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ഡി) | ഹാർബറിന്റെ പണി പൂർത്തീകരിച്ചാൽ ഏകദേശം 300 യാനങ്ങൾക്ക് ഹാർബർ ഉപയോഗപ്രദമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ